(ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതനമായ സാങ്കേതിക പരിജ്ഞാനവും തനത് ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡിപിആറുകൾ) കാലേക്കൂട്ടി തയ്യാറാക്കുന്നതിനും, പ്രസ്തുത ഡിപിആറുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും മറ്റ് ഫണ്ടിങ് ഏജൻസികളും നൽകിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, അർബൻ ട്രാൻസ്പോർട്ട്, റോഡ്സ് ആന്റ് ബ്രിഡ്ജസ്, അർബൻ റിന്യൂവൽ (ഹെറിറ്റേജ്, മാർക്കറ്റ്, ആർകിടെക്ച്ചറൽ വർക്സ്) എന്നീ നാല് മേഖലകളിൽ ദീർഘകാല അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ കാര്യങ്ങളാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി കെ.എസ്.യു.ഡി.പി.-യെയും ഡിപിആറുകൾ തയ്യാറാക്കുന്ന കൺസൾട്ടൻസി സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനും ഡിപിആറുകൾക്ക് അന്തിമ അംഗീകാരം നൽകുന്നതിനുമായി തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൺസൾട്ടൻസി സ്ഥാപനങ്ങൾ മുഖേന നഗരസഭകൾ തയ്യാറാക്കുന്ന പ്രോജക്ടുകളുടെ വിലയിരുത്തലിന് നാല് ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

ആലപ്പുഴ നഗരത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ

288 (1713) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ കനാൽക്കരയിലും റോഡരുകിലുമായി നഗരസഭയുടെ എത്ര കടമുറികളാണ് നിലവിലുള്ളതെന്നും അവ എവിടെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) നിർമ്മാണം പൂർത്തിയായിട്ടും കൈമാറ്റം ചെയ്യപ്പെടാത്തവ എത്രയാണെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കടമുറികൾ കൈമാറുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ഡി) ആലപ്പുഴ ബീച്ചിലുള്ള കെട്ടിടം ഇന്ത്യൻ കോഫീ ഹൗസിന് നൽകിയത് എന്തെല്ലാം വ്യവസ്ഥളോടെയാണ് ; എന്ന മുതൽ എന്ന വരെയാണ് കരാർ കാലാവധി; വിശദമാക്കുമോ ?

ഉത്തരം

(എ) 315. ടൗൺഹാൾ, ഷോപ്പിംഗ് കോംപ്ലക്സ്, മെഡിക്കൽ കോളേജ്, സത്രം, ലൈബ്രറി ഷോപ്പിംഗ് കോംപ്ലക്സ്, നഗരചത്വരം, ജെട്ടി ഷോപ്പിംഗ് കോംപ്ലക്സ്, വെജിറ്റബിൾ ഷോപ്പിംഗ് കോംപ്ലക്സ്, കാഞ്ഞിരംചിറ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, ഇ.എം.എസ്. ഷോപ്പിംഗ് കോംപ്ലക്സ്, സി.ഡി.എസ്. വനിതാശ്രീ കെട്ടിടത്തിലെ കടമുറികൾ, കിയോസ്കുകൾ എന്നീ പ്രധാനപ്പെട്ട ഷോപ്പിംഗ് കോംപ്ലക്സുകളിലാണ് ടി മുറികൾ നിലവിലുള്ളത്.

(ബി) ഇ.എം.എസ്. സ്റ്റേഡിയത്തിലെ കടമുറികൾ. കടമുറികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) അതാത് കാലഘട്ടങ്ങളിൽ കൗൺസിൽ അംഗീകരിച്ച ലേല വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കടമുറികൾ ഏൽപ്പിച്ചു നൽകുന്നത്.

(ഡി) നിലവിലെ ലേല വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്കാണ് ലേല വ്യവസ്ഥയിൽ കെട്ടിടം നൽകിയത്. നിശ്ചിത ഉക ഡെപ്പോസിറ്റും പ്രതിമാസ വാടകയും ഈടാക്കിയാണ് ടി കെട്ടിടം ലൈസൻസ് വ്യവസ്ഥയിൽ നൽകിയിട്ടുള്ളത്. ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലേക്കാണ് കരാർ കാലാവധി അനുവദിക്കുന്നത്.

ആശാൻ സ്ക്വയറിൽ ഫൈമാസ്സ് ലൈറ്റ്

289 (1714) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ആശാൻ സ്ക്വയർ ചുറ്റിയാണ് ബൈപാസ്, എയർപോർട്ട്, വേളി, ശംഖുംമുഖം എന്നിവിടങ്ങളിൽ നിന്നും വരുന്ന എല്ലാ വാഹനങ്ങളും സിറ്റിയിൽ എത്തിച്ചേരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആശാൻ സ്ക്വയർ റൗണ്ടിൽ രാത്രി ശരിയായ വെളിച്ചമില്ലാതിരുന്നതിനാൽ ഒരിക്കൽ വി.വി.ഐ.പി.-കളുമായി എത്തിയ മോട്ടോർ കേഡ് ദിശമാറി സഞ്ചരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly